പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 184 — 23-03-2012-ൽ മറുപടിക്ക്

ജനന-മരണ രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ.ബഷീർ:<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്:<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ജനന മരണ രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ ജനന സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന നിസ്സാരമായ തെറ്റുകൾ പോലും തിരുത്തിക്കൊടുക്കാത്തതുമൂലം പൊതുജനങ്ങൾ ദുരിതമനുഭവിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടം എന്നിവ പ്രകാരം പുറപ്പെടുവിച്ച 08/12/2010, 01/02/2012 എന്നീ തീയതികളിലെ സർക്കുലറുകളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് ജനന സർട്ടിഫിക്കറ്റുകളിൽ തിരുത്തൽ വരുത്തിക്കൊടുക്കുന്നത്. ജനന സർട്ടിഫിക്കറ്റിൽ ഉണ്ടാകുന്ന നിസ്സാര തെറ്റുകൾ തിരുത്തി നൽകാറുണ്ട്. മതിയായ രേഖകൾ സമർപ്പിച്ചാൽ മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് അപേക്ഷകനെ ബുദ്ധിമുട്ടിക്കാറില്ല. |
| (ബി) ചെറിയ തെറ്റുകൾ തിരുത്തുന്നതിനായി മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാലും മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടു അപേക്ഷകരെ ബുദ്ധിമുട്ടിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; അതുമൂലം വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും അവസരം നഷ്ടപ്പെടുന്നവരുടെ പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | | |
| (സി) പേര് ഇംഗ്ലീഷിലാക്കുമ്പോൾ രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ തന്നെ വരുത്തുന്ന അക്ഷരത്തെറ്റുകൾ പോലും തിരുത്തി നൽകാൻ രജിസ്ട്രേഷൻ അധികൃതർ പ്രത്യേകിച്ച് തിരുവനന്തപുരം കോർപ്പറേഷൻ ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ലെന്ന പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | അപേക്ഷയിലും അതോടൊപ്പമുള്ള സ്കൂൾ സർട്ടിഫിക്കറ്റിലും പേര് എപ്രകാരമാണോ അപ്രകാരമാണ് പേര് ചേർക്കുന്നതും, തിരുത്തുന്നതും. ക്ലറിക്കൽ തെറ്റുകൾ ഉടൻതന്നെ തിരുത്തി നൽകി വരുന്നുണ്ട്. |
| (ഡി) സ്കൂളിൽ പഠിച്ചിട്ടില്ലാത്ത രക്ഷാകർത്താക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധം പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം തെളിയിക്കുന്നതിന്‌വില്ലേജ് ഓഫീസറിൽ നിന്നുംസർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | സ്കൂളിൽ പഠിച്ചിട്ടില്ലാത്ത രക്ഷകർത്താക്കളുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധം പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം തെളിയിക്കുന്നതിന് വില്ലേജ് ആഫീസിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർദ്ദേശിച്ചിട്ടില്ല. ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് സ്കൂൾ രേഖ ലഭ്യമല്ലെന്ന് |

ബോധ്യപ്പെട്ടാൽ വസ്തുവിന്റെ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുന്നതാണ്.

(ഇ) തിരുവനന്തപുരം കോർപ്പറേഷനിലെ രജിസ്ട്രേഷൻ അധികൃതരുടെ പിടിവാശി മൂലം ജനന സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തിക്കിട്ടാതെ ദുരിതമനുഭവിക്കുന്ന നൂറുക്കണക്കിന് അപേക്ഷകരുടെ പ്രശ്നം പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഒരു അദാലത്ത് നടത്താൻ നിർദ്ദേശിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ ലോക്കൽ ബോഡീസ് കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് തീരുമാനം കൈക്കൊള്ളുമോ?

(ഇ) ആന്റ് (എഫ്) 08/12/2010, 01/02/2012 എന്നീ തീയതികളിലെ സർക്കുലറുകളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നിയമാനുസൃതം സമർപ്പിക്കുന്ന അപേക്ഷകളെ സംബന്ധിച്ചിടത്തോളം ജനന സർട്ടിഫിക്കറ്റുകളിൽ സമയബന്ധിതമായി തിരുത്തൽ വരുത്തിക്കൊടുത്തു വരുന്നു. അദാലത്തു മുഖേന ജനന സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ആഫീസർ